/135401/2023

**കൃഷി ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: അഞ്ജു.കെ.എസ് ,ഐഎഎസ് )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് / ഫെയർ കോപ്പി സൂപ്രണ്ട് /ഹെഡ്ക്ളർക്ക്/ യു ഡി ടൈപ്പിസ്റ്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1) 25/2/2017 ലെ സർക്കാർ ഉത്തരവ് നം. (പി) 3/2017/ഉപഭവ
2) 27/2/2022 ലെ സർക്കാർ ഉത്തരവ് നം. (സാധാ).147/22/കൃഷി
3) 5/11/2019 ലെ സർക്കാർ ഉത്തരവ് നം. (സാധാ)1075/19/കൃഷി
4) ഈ കാര്യാലയത്തിലെ 7/8/2023 ലെ ഇതേ നം .സർക്കുലർ
5) ഈ കാര്യാലയത്തിലെ 21/9/2023 ലെ ഇതേ നം. ഉത്തരവ്

**ഉത്തരവ് നമ്പർ ADFW/100/2023-SA2 തീയതി . 10-10-2023**

പരാമർശം (1) ,(2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (4) പ്രകാരമുള്ള സർക്കുലർ പ്രകാരം കൃഷി വകുപ്പിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടു കൂടി ഓൺലൈനായി ഈ കാര്യാലയത്തിൽ ലഭിച്ച മേൽ തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകളും ,അനുകമ്പാർഹ പരിഗണന നൽകി സ്ഥലംമാറ്റം അനുവദിച്ചവരുടെയും സ്പാർക്ക് മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ് ചെയ്തു ലഭിച്ച 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ ഉത്തരവിന്മേൽ 26/9/23 വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും ,ആയത് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ച് സ്പാർക്ക് മുഖേന പ്രോസസ് ചെയ്തു ലഭിച്ച ജൂനിയർ സൂപ്രണ്ട് / ഫെയർ കോപ്പി സൂപ്രണ്ട് / യു ഡി ടൈപ്പിസ്റ്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് /ഹെഡ്ക്ളർക്ക് തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് /ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരെ വിടുതൽ ചെയ്ത/ ജോലിയിൽ പ്രവേശിച്ച ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിലേക്ക് യഥാസമയം അയച്ചു തരേണ്ടതാണ്. ടി ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള പ്രവേശനകാലം ,യാത്രാബത്ത എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.**

Sd/-
ANJU K S IAS
DIRECTOR

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

/135401/2023

സ്വീകർത്താവ്

1) ബന്ധരപ്പെട്ട് ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

<u>പകർപ്പ്</u>

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ,കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഓഫീസ് മേധാവികൾക്കും

ഐ റ്റി സെൽ ( ഔദ്യോഗിക വെബ് സേറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )